**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .5150** — **24/10/2011 -ൽ മറുപടിയ്ക്ക്**

**12 -ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി<br>ശ്രീ. സി.മോയിൻകുട്ടി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.കെ.എം.ഷാജി | **ശ്രീ. പി .ജെ.ജോസഫ്**<br>**(ബഹു.ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) 12-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി ജല വിഭവ വകുപ്പ് ഏറ്റെടുത്ത് പുനർ നിർമ്മിക്കാനും വികസിപ്പിക്കാനും ഉദ്ദേശിച്ച പദ്ധതികളുടെ വിശദാംശം നൽകാമോ; | എ) **ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും)** കീഴിൽ 12-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി 20.59 കി.മീ. കടൽ ഭിത്തിയുടെ നിർമ്മാണവും 49.84 കി.മീ. കടൽ ഭിത്തിയുടെ പുനരുദ്ധാരണവും ആണ് ലക്ഷ്യമിട്ടിരുന്നത്. 12-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി ഉൾനാടൻ ജലഗതാഗത വിഭാഗത്തിൽ ഏറ്റെടുത്ത് നടപ്പാക്കാൻ രണ്ട് ഘട്ടങ്ങളിലായി അനുമതി കിട്ടിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധം-(1)ഉം (2)ഉം ആയി ചേർത്തിട്ടുണ്ട്. |
| ബി) ഇവയിൽ ഏതൊക്കെ പദ്ധതികൾ പൂർത്തിയായി എന്നും അതിനായി എന്തുതുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ; | ബി) **ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും)** കീഴിൽ പൂർത്തീകരിച്ച ജോലികളുടെ വിവരവും അവയ്ക്ക് ഓരോന്നിനും ചിലവായ തുകയും അനുബന്ധം -3-ൽ കൊടുത്തിരിക്കുന്നു. ഇതിൽ 16.17 കി.മീ കടൽ ഭിത്തിയുടെ നിർമ്മാണവും 44.92 കി.മീ പുനരുദ്ധാരണവും പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന് 159 കോടി രൂപ കേന്ദ്ര ഫണ്ടിൽ നിന്നും ചിലവാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇതു പ്രകാരം എത്ര ദൂരം കനാലുകൾ പുനർ നിർമ്മിച്ചു; ഏതെല്ലാം റീച്ചുകളിൽ എന്ന് വ്യക്തമാക്കാമോ; | സി) | **ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും)** കീഴിൽ പുനർ നിർമ്മാണം പൂർത്തീകരിച്ച കനാലുകളുടെ ലിസ്റ്റ് അനുബന്ധം - 4 - ൽ കൊടുത്തിരിക്കുന്നു. |
| ഡി) | ഈ പണികൾ മുഖേന എത്ര ദൂരം കനാലുകൾ യാത്രായോഗ്യമായിട്ടുണ്ടെന്നും, ഇവയെ സമീപത്തെ കായലുമായി ബന്ധിപ്പിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ? | ഡി) | **ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും)** കീഴിൽ പണി പൂർത്തിയാക്കിയ ഭാഗത്തെ കനാലുകൾ തൊട്ടടുത്തുള്ള കായലുകളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.